**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 322 04.02.2013 - ൽ മറുപടിയ്ക്ക്

**വിവിധ കേസുകളിൽ പിടിക്കപ്പെട്ട വാഹനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. കെ. വിജയൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) | |
| (എ) | നാദാപുരം, എടച്ചേരി പോലീസ് സ്റ്റേഷനുകളിൽ വിവിധ കേസുകളിൽ പിടിക്കപ്പെട്ട, എത്ര വാഹനങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | നാദാപുരം പോലീസ് സ്റ്റേഷൻ 36 വാഹനങ്ങളും, എടച്ചേരി പൊലീസ് സ്റ്റേഷൻ 34 വാഹനങ്ങളും വിവിധ കേസുകളിൽ പിടിക്കപ്പെട്ട് കോടതിയിൽ സമർപ്പിച്ച് കോടതി ഉത്തരവ് മുഖേന സൂക്ഷിച്ചു വരുന്നു. |
| (ബി) | ഈ വാഹനങ്ങൾ തുരുമ്പെടുത്ത് നശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) & (സി) | പരമാവധി സ്റ്റേഷനുകളിൽ ലഭ്യമായ സ്ഥലങ്ങളിൽ പിടിച്ചെടുക്കുന്ന വാഹനങ്ങൾ സൂക്ഷിച്ചു വരുന്നു. ഇവ തുരുമ്പെടുത്ത് നശിച്ചു പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോടതി നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് ടി വാഹനങ്ങൾ ഉടമകൾക്ക് വിട്ടു നൽകാവുന്നതാണ്. |
| (സി) | എങ്കിൽ, ഇത് തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ